LIBRARY ARCHIVES Kerala Legislative Assembly

ആഫീസ് തലത്തിലും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ പരിശോധനകൾ നടത്തുന്നതി ലേയ്ക്ക് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോ അസിസ്റ്റന്റ് മാനേജർ, ബന്ധപ്പെട്ട സപ്ലൈ ആഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ, സപ്ലൈകോയുടെ Quality Assurance Officer എന്നിവർ ഉൾപ്പെട്ട സംയുക്ത പരിശോധന സംഘങ്ങളും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ പരിശോധന നടത്തിവരുന്നു.

**സപ്ലൈകോയുടെ പ്രവർത്തനം**

286 (1652) <u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. വി. ശശി:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീമതി സി. കെ. ആശ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യംവേണ്ട നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ സപ്ലൈകോയുടെ പ്രവർത്തനം എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കാമോ?

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നത്. സപ്ലൈകോ വിൽപ്പനശാലകളിലെ നിലവിലുള്ള സബ്സിഡി വിലയും 22-7-2021-ലെ പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസവും വ്യത്യാസ ശതമാനവും അനുബന്ധമായി ചേർക്കുന്നു.* സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, മസാലപ്പൊടികൾ, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

(ബി) കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെ സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുവേണ്ടി കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെയും ടെണ്ടർ മുഖേനയും നാഫെഡ് തുടങ്ങിയ കേന്ദ്ര ഏജൻസികൾ മുഖേനയും സാധനങ്ങൾ എത്തിച്ച് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി, സപ്ലൈകോ വില്പനശാലകളിൽ എല്ലാ അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വിൽപ്പനയ്ക്കാനുപാതികമായി എല്ലാ സപ്ലൈകോ വിൽപ്പന ശാലകളിലും പര്യാപ്തമായ സ്റ്റോക്ക് സൂക്ഷിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇ-ടെൻഡർ വഴി വാങ്ങുന്ന അരി, പയറുവർഗ്ഗങ്ങൾ, തുടങ്ങിയ ഭക്ഷ്യ ധാന്യങ്ങൾ താലൂക്ക് ഡിപ്പോകളിൽ സംഭരിച്ചാണ് പൊതുജനങ്ങൾക്ക് വിതരണത്തിനായി വിൽപ്പനശാലകളിൽ ആവശ്യാനുസരണം എത്തിക്കുന്നത്. ഇതിനായി സംസ്ഥാനത്തുടനീളം 56 ഡിപ്പോകൾ പ്രവർത്തിക്കുന്നു. സ്വന്തം ഗോഡൗണുകൾക്കുപുറമെ എസ്.ഡബ്ല്യു.സി., സി.ഡബ്ല്യു.സി, കൂടാതെ മറ്റ് ഏജൻസികളിൽനിന്നും സ്വകാര്യ വ്യക്തികളിൽനിന്നും വാടകയ്ക്ക് എടുത്തിട്ടാണ് ഈ ഡിപ്പോകൾ പ്രവർത്തിക്കുന്നത്.

(സി) മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോർ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സപ്ലൈകോയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻനിർത്തി നിലവിൽ ഒന്നിൽ കൂടുതൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലെ വിപണന സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ സ്ഥല ലഭ്യതയനുസരിച്ചോ/ കൂടുതൽ സ്ഥലം ലഭ്യമാക്കിയോ മാവേലി സൂപ്പർ സ്റ്റോറുകളായും സൂപ്പർ മാർക്കറ്റുകളായും വിപുലീകരിക്കുന്നതിന് ആവശ്യമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കുറഞ്ഞത് 700 ച.അടി വിസ്തൃതിയുള്ള അനുയോജ്യമായ കെട്ടിടസൗകര്യം വാടക രഹിതമായോ/വാടകയിളവിലോ ലഭ്യമാകുന്ന പ്രദേശങ്ങളിൽ വിപണന സാദ്ധ്യത മുൻനിർത്തി വിശദമായ സാദ്ധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിലാണ് പുതിയ മാവേലി സൂപ്പർ സ്റ്റോറുകൾ ആരംഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly